**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2493** **17-03-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര നികുതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് എത്ര ഗഡുവായിട്ടാണ് കേന്ദ്ര നികുതി വിഹിതം നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സാധാരണയായി സംസ്ഥാനത്തിന് 12 മുതൽ 14 ഗഡുക്കളായാണ് ഓരോ സാമ്പത്തിക വർഷവും കേന്ദ്ര നികുതി വിഹിതം ലഭിക്കുന്നത്. |
| (ബി) | കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച നികുതി വിഹിതം പട്ടികയായി ലഭ്യമാക്കാമോ; | (ബി) | കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച നികുതി വിഹിതം താഴെപ്പറയുന്നു; വർഷം തുക (കോടിയിൽ) 2018-19 19038.17 2019-20 16401.05 2020-21 11560.40 |
| (സി) | കേന്ദ്ര ധനകാര്യ കമ്മീഷൻ ഇപ്പോൾ നിശ്ചയിച്ച നികുതി വിഹിതം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; ഇത് മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞ് വരുന്നുണ്ടോ; വിശദമാക്കാമോ; | (സി) | 15-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനത്തിന് 2021-2026 കാലയളവിൽ നിശ്ചയിച്ചിട്ടുള്ള നികുതി വിഹിതം 1.925% ആണ്. 11-ാം ധനകാര്യ കമ്മീഷൻ മുതൽ സംസ്ഥാനത്തിന് അനുവദിച്ച വരുന്ന നികുതി വിഹിതത്തിൽ താഴെ പറയും പ്രകാരമുള്ള കുറവ് ഉണ്ടായിട്ടുണ്ട്. (നികുതി വിഹിതം %) XI FC XII FC XIII FC XIV FC XV FC (2020-21) XV FC (2021-26) 3.057 2.665 2.341 2.5 1.943 1.925 |
| (ഡി) | ജി.എസ്.ടി. നടപ്പിലാക്കിയത് മൂലം സംസ്ഥാനത്തിനുണ്ടായ വരുമാന നഷ്ടം നികത്താൻ കഴിഞ്ഞ മൂന്ന് വർഷത്തിൽ കേന്ദ്രം അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; തുടർ വർഷങ്ങളിലും ഈ ആനുകൂല്യം ലഭ്യമാവുമോ; വിശദമാക്കാമോ; | (ഡി) | ജി.എസ്.ടി. നടപ്പിലാക്കിയത് മൂലം സംസ്ഥാനത്തിനുണ്ടായ വരുമാന നഷ്ടം നികത്താൻ കഴിഞ്ഞ മൂന്ന് വർഷത്തിൽ കേന്ദ്രം അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു; സാമ്പത്തിക വർഷം ജി.എസ്.ടി കോമ്പൻസേഷൻ Total (Cr) കോമ്പൻസേഷൻ സെസ്സ് ഫണ്ടിൽ നിന്നും Special window Loan fund-ൽ നിന്നും 2018-19 3532.00 - 3532.00 2019-20 8111.00 - 8111.00 2020-21 7062.96 5766.00 12828.96 2021-22 (28 Feb 2022 വരെ) - 8739.31 8739.31 ജി.എസ്.ടി നഷ്ടപരിഹാര കാലാവധി നീട്ടണമെന്ന ആവശ്യം കേരളം ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും ജി.എസ്.ടി കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 2021 സെപ്റ്റംബറിൽ നടന്ന 45-ാമത് ജി.എസ്.ടി കൗൺസിൽ മീറ്റിംഗിൽ ഇതു സംബന്ധിച്ച അജണ്ട |

| | | | |
|---|---|---|---|
| | | | വിഷയം ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. കോവിഡ് പ്രതിസന്ധിമൂലം സംസ്ഥാനങ്ങൾക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ജി.എസ്.ടി നഷ്ടപരിഹാര കാലാവധി നീട്ടണമെന്ന ആവശ്യം പ്രസ്തുത മീറ്റിംഗിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി കൗൺസിലിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ജി.എസ്.ടി നഷ്ടപരിഹാര കാലാവധി നീട്ടുന്നത് സംബന്ധിച്ച് അനുകൂലമായ തീരുമാനങ്ങളൊന്നും ഇതുവരെ ജി.എസ്.ടി കൗൺസിൽ സ്വീകരിച്ചതായി കാണപ്പെടുന്നില്ല. |
| (ഇ) | കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയം ഏതെല്ലാം രീതിയിലാണ് സംസ്ഥാനത്തിന്റെ വരുമാനത്തെ പ്രതിസന്ധിയിലാക്കുന്നത് എന്ന് നേരത്തെ ലഭ്യമായിരുന്ന ധനലഭ്യതയെ മുൻനിർത്തി താരതമ്യ വിശകലനങ്ങളിലൂടെ വിശദമാക്കാമോ? | (ഇ) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം കുറയുന്നതിന് താഴെ പറയുന്നവ കാരണമായിട്ടുണ്ട്. 1. സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതത്തിൽ 11-ാം ധനകാര്യ കമ്മീഷൻ മുതൽ താഴെ പറയുന്ന വിധത്തിൽ കുറവുണ്ടായിട്ടുണ്ട്. (നികുതി വിഹിതം %) XI FC XII FC XIII FC XIV FC XV FC (2020-21) XV FC (2021-26) 3.057 2.665 2.341 2.5 1.943 1.925 2. ജി.എസ്.ടി കോമ്പൻസേഷൻ 2022 ജൂൺ മാസം വരെയാണുള്ളത്. ജി.എസ്.ടി കുടിശ്ശിക യഥാസമയം നൽകാത്തത് സംസ്ഥാനത്തിന്റെ വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. 3. പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-26 കാലയളവിലേയ്ക്ക് സെക്ടർ സ്പെസിഫിക് ഗ്രാന്റിനത്തിൽ 2412 കോടി രൂപയും സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റിനത്തിൽ 1100 കോടി രൂപയും ശുപാർശ ചെയ്തിരുന്നുവെങ്കിലും ആയത് കേന്ദ്ര സർക്കാർ പരിഗണിച്ചിരുന്നില്ല. 4. സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കാത്ത സെസ്സും സർചാർജ്ജും ഗണ്യമായി വർദ്ധിപ്പിച്ചത് കാരണം, സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന നികുതി വിഹിതത്തിൽ കുറവ് ഉണ്ടായതും റവന്യൂ വരുമാനത്തിൽ കുറവുണ്ടാക്കുന്നതിന് ഇടയായിട്ടുണ്ട്. 5. 15-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം RD Grant ഇനത്തിൽ 2021-22-ൽ 19,891 കോടി രൂപയും 2022-23-ൽ 13,174 കോടി രൂപയും 2023-24-ൽ 4749 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. RD Grant കുറഞ്ഞു വരുന്നതും സംസ്ഥാനത്തിന്റെ ധനവിഹിതത്തിൽ കുറവ് വരുത്തുന്നു. |

സെക്ഷൻ ഓഫീസർ